# തുൎക്കിയിലെ ശ്വേതവൃകം.

(സ്വൈബദാ.)

ഞാൻ, കാൺസ്റ്റാൻറിനോപ്പിളിൽ 'പേറാപാലസ' ഹോട്ടലിലെ വിശ്രമമുറിയുടെ വെളിച്ചം മങ്ങിയ ഒരു കോണിലിരിക്കുകയായിരുന്നു. പെട്ടെന്നു രണ്ടു തുൎക്കി പോലീസുദ്യോഗസ്ഥന്മാർ, ജമ്മൻ 'ഫാഷനിൽ' പാദുകങ്ങൾ പൂണ്ടു "ചടപടാ" ചവിട്ടി ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു എൻെറ മുമ്പിൽ വന്നു നിലയായി.

"ആഗസ്കെൽ എന്നു പേരുള്ള ഇംഗ്ലീഷ്കാരനാണു് നിങ്ങൾ, അല്ലെ?"

ഞാൻ തലകുലുക്കി

ഇന്നു കാലത്തു, നിങ്ങൾ സ്മർണായിൽനിന്നു വന്നു കപ്പലിറങ്ങുകയാണു് ചെയ്തതു, അല്ലെ?"

"അതേ"

"നിങ്ങൾക്കു ഇവിടെ പതിന്നാലുദിവസത്തെ താമസമുണ്ടു?"

"നിങ്ങൾക്കു എന്നെ സംബന്ധിച്ച വിവരങ്ങളെല്ലാം അറിയാമല്ലോ?" ഞാൻ മന്ദഹസിച്ചു, പക്ഷെ, ആ രണ്ടുദ്യോഗസ്ഥന്മാരുടെ മുഖം ചിരിക്കുവാൻ ഭാവിച്ചതേയില്ല.

"നിങ്ങൾക്കു ദിവസവും പോല്ലീസ സ്റ്റേഷനിൽ ചെന്നു റിപ്പോർട്ടുചെയ്യേണ്ട ആവശ്യമുണ്ടു. അങ്ങനെ ചെയ്യുന്നതിനു നിങ്ങൾ വിഴ്ചവരുത്തിയാൽ, നിങ്ങളുടെ താമസത്തിനുള്ള "ലൈസൻസ്" റദ്ദുചെയ്യേണ്ടതായി വരും."

ഞാൻ പ്രതിഷേധിക്കുവാനും ചില സമാധാനങ്ങൾ പറയുവാനും തുടങ്ങി.

"ആരുടെ കല്പനയാണിങ്ങനെ—?"

"തുൎക്കിയിലെ ഏകാധിപതിയായ മുസ്തഫാ കമാൽ പാഷായുടെ" ഉദ്യോഗസ്ഥന്മാർ രണ്ടുപേരും അവിടെനിന്നു മറഞ്ഞു.

ഇതായിരുന്നു, കുറച്ചുകാലത്തിനുമുമ്പു എനിക്കു തുൎക്കിയിൽവച്ചുണ്ടായ ആദ്യത്തെ അനുഭവം. ഞാൻ ദിവസേന പോല്ലീസു മേലുദ്യോഗസ്ഥൻെറ ആഫീസിൽപോയി 'റിപ്പോർട്ടു' ചെയ്തു. ഇക്കാലത്തു, ഇംഗ്ലീഷ്കാർക്കു ഈ രാജ്യത്തു വലിയൊരു വിലയില്ല; നിലയുമില്ല. ഞങ്ങൾ, അവൎക്കു വിരുദ്ധമായി, ഗ്രീക്കുകാരെ നിരന്തരം സഹായിച്ചുകൊണ്ടിരുന്നുവെന്നാണു് അവർ വിശ്വസിക്കുന്നതു.

എന്നാൽ, കോൺസ്റ്റാൻറിനോപ്പിളിൽവച്ചു എനിക്കു ആദ്യമായി ഉണ്ടായ ആ യദൃച്ഛികാനുഭവംതന്നെയാണു, ആധുനിക തുൎക്കിയെ എത്ര പരിപൂൎണ്ണമായി ഒരു മനുഷ്യൻ—മുസ്തഫാകമാൽ—സ്വാധീനതയിൽ അമൎത്തിയിരിക്കുന്നുവെന്ന സംഗതിയും എനിക്കു ആദ്യമായി മനസ്സിലാക്കിത്തന്നതു. തെരുവീഥികളിൽ പലതും കണ്ടും കേട്ടും അവിടെ കുറെ ദിവസം കഴിച്ചുകൂട്ടിയ എനിക്കു ഹാററുധരിക്കാത്ത ഒരു തുൎക്കിയേയും കാണ്മാൻ കഴിഞ്ഞില്ല.

"ഫെസ കപ്പു'കളൊക്കെ എവിടെ" ഞാൻ ചോദിച്ചു.

"അവ ധരിക്കുവാൻ അനുവാദമില്ല' ഒരു തുൎക്കി എന്നോടു പറഞ്ഞു "വധമാണു ശിക്ഷ"

"ആരുടെ കല്പന?"

"മുസ്തഫാ കമാലിൻെറ"


ശ്രുതിപ്പെട്ട

## അപസ്മാര സംഹാരി.

ഈ മൈ ന്നൊമതായി വിശ്വവിശ്രുതരും സൎവ്വസമ്മതരുമായ എൻെറ വലിയ ഉപ്പാപ്പ മഖ്ദൂം തങ്ങളെ പുതിയകത്തു് ചെറിയ ബാവ മുസല്യാർ മഖ്ദൂം തങ്ങളവർകളാൽ സാധുസംരക്ഷണാൎത്ഥം ഉണ്ടാക്കപ്പെട്ടതും ലക്ഷോപലക്ഷം രോഗികൾക്കു ഫലസിദ്ധി കാണപ്പെട്ടതും കേരളത്തിലെന്നല്ല, ബൎമ്മ, സിംഗപ്പൂർ, സിലോൺ മുതലായ രാജ്യങ്ങളിലും ഇന്ത്യയുടെ നാനാഭാഗങ്ങളിലും സുപ്രസിദ്ധി നേടിയതുമാണു. അദ്ദേഹത്തിൻെറ മരണശേഷം,പലവക പറിമരുന്നുകൾ,കാട്ടുപൂക്കൾ, പക്ഷിമൃഗാദികളുടെ തുവൽ, രോമം, നെയ്യ് ഇത്യാദികളാൽ സമ്മിശ്രമായിട്ടുള്ള പ്രസ്തുത മൈ പുനൎജ്ജീവിപ്പിച്ചുകൊടുപ്പാനായി എന്നോടു പല സ്നേഹിതന്മാർ ആവശ്യപ്പെട്ടതിന്നനുസരിച്ചു രണ്ടുകൊല്ലത്തോളം പരിശ്രമം ചെയ്തുകൊണ്ടു തയ്യാറാക്കീട്ടുള്ളതാണു .

### വിലവിവരം.

| | |
|---|---|
| ഒരൌൺസ കുപ്പി 1 ക്കു | 1—0—0 |
| അരൌൺസ് കുപ്പി 1 ക്കു | 0—8—0 |
| കാലൌൺസ കുപ്പി 1 ക്കു | 0—4—0 |
| അരക്കാലൌൺസ് കുപ്പി 1 ക്കു | 0—2—0 |

ഉപയോഗ ക്രമങ്ങളും മറു അധികവിവരങ്ങളും താഴെ കാണുന്ന എൻെറ വിലാസത്തിലപേക്ഷിച്ചാൽ അയച്ചുകൊടുക്കുന്നതാണു്.

മുസല്യാരകത്ത അബ്ദുള്ള മുസല്യാര്,
പൊന്നാനി, എസ്സ്. മലബാർ.

## തുർക്കിയിലെ ശ്രേഷ്ഠതവ്യകം.

തുർക്കിസ്ത്രീകൾ മുഖാവരണം കൂടാതെ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതു കണ്ടു ഞാൻ ആശ്ചര്യപ്പെട്ടു.

"സ്ത്രീകൾക്കു മുഖാവരണമില്ലല്ലൊ?

"മുസ്തഫാകമാലിന്റെ ഉത്തരവാണതു" എന്നായിരുന്നു മറുപടി.

"നർത്തകദർവേഷ്"മാരുടെ സുപ്രസിദ്ധമായ നർത്തനം കാണണമെന്നു എനിക്കു തോന്നി. ഇതറിഞ്ഞപ്പോൾ എന്റെ വഴികാട്ടി ഭയപ്പെട്ടവനെപ്പോലെ മുഖം തിരിച്ചു "ഇപ്പോൾ നർത്തനം ചെയ്വാൻ അനുവാദമില്ല. മതസംബന്ധമായ ആട്ടവും പാട്ടുമൊന്നും പാടില്ലെന്നു മുസ്തഫാകമാൽ കർശനമായി വിരോധിച്ചിരിക്കുന്നു. ആജ്ഞ ലംഘിച്ചാൽ മരണമാണു ശിക്ഷ."

ഞാൻ പോയ സ്ഥലങ്ങളിലെല്ലാം, പീടികകളുടെ ജനാലകളിൽകൂടി, തുളച്ചുകയറുന്ന നോട്ടത്തോടും നീലച്ഛവി തടവുന്ന കണ്ണുകളോടും അഴകൊഴുകുന്ന തലമുടിയോടും കൂടിയ ഒരാളുടെ 'ഛായചിത്രങ്ങൾ' ഭിത്തികളിൽ കണ്ടിരുന്നു. ആൾ സുമുഖൻ, സുഭഗൻ, എന്നാൽ മുഖത്തു ക്രൂരമായ ഒരു സ്തോഭം സഫുരിച്ചിരുന്നു. ഋജുവായ വക്ത്രരേഖ രൂക്ഷവും രൌദ്രവുമായിരുന്നു.

"ഈ ആൾ ആരാണു്?"

"മുസ്തഫാ കമാൽ—ഗാസി"

ഈ ഏകാധിപത്യകാലത്തു, വളരെ വിസ്മയവും ആശ്ചര്യവും തോന്നിക്കുന്ന ഒരു ഏകാധിപതി ഇദ്ദേഹമാണെന്നു പറയുന്നതിൽ തെററില്ല. ദാക്ഷിണ്യമോ ദയയോ ഇല്ലാത്ത ഇദ്ദേഹം, വിപ്ലവവും കലഹവും അമച്ചമാച്ചുകളയുന്നതിനു യാതൊരു ക്ലേശവും കൂടാതെ രക്തം ചിന്തുന്നതുകണ്ടാൽ, ടാമർലെയിനെയോ ജങ്കിസ്ഖാനെയൊപോലെയുള്ള ലോകജേതാക്കളുടെ സ്മരണയാണുണ്ടാകുന്നതു. തടവുകാർ അദ്ദേഹത്തോടു വെറും നിഷ്ഫലമായി മാത്രമാണു് അഭ്യർത്ഥനകൾ ചെയ്യുന്നതു, ഒരുത്തനെ വഴിയിൽനിന്നു തട്ടിനീക്കുന്നതിനുള്ള നിസ്സംശയമായ കരണം മരണമത്രെ.

ആധിക്യം മുഖ്യമല്ല, ഒരിക്കൽ അദ്ദേഹത്തിന്റെ ഏററവും അടുത്ത സ്നേഹിതന്റെ 'മരണവാറണ്ടു' ഒപ്പിടുന്നതിനായി അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവന്നു. മുസ്തഫാകമാൽ സുൽത്താനു എതിരായി തന്റെ ശക്തിയെ ഉറപ്പിക്കുന്നതിനു നിരാശയോടെ പണിപ്പെട്ടു ശ്രമിച്ചിരുന്ന ആ


### പലവിധ തുണിച്ചരക്കുകൾ.

മഴക്കാലത്തേക്കു പററിയതായ മഴക്കോട്ടുകൾ, (Rain Coats) മെഴുകു ശീലകൾ, (Oil Cloth) റബ്ബർ ഷീററിങ്ങ്, റബ്ബർ ഷൂ, വുള്ളൻ സ്വെറ്ററൽസ് മുതലായ പലതരം രോമത്തിന്റെയും മററും കോട്ടിങ്ങ്, ഷർട്ടിങ്ങ്, ബനിയൻ, റഗ്ഗ മുതലായവയും, സ്യൂട്ട് കേസ്സ്, മണിപർസ്, ഹാററ, സ്റ്റോക്കിംഗസ്, തുർക്കിതൊപ്പി, സോപ്പുകൾ, സെൻറുകൾ മുതലായ എല്ലാ ഫാൻസി ചരക്കുകളും തലശ്ശേരിയിൽവെച്ചു ഇപ്പോൾ ഏററവും സഹായമുള്ള സി. പി. ബപ്പൻകുട്ടിക്കേയി ബ്രദർസിൽ കിട്ടുന്നതാകുന്നു.

**C. P. BAPPANKUTTY KEYI BROS.**

**(The glass fronted Shop**

***Tellicherry.***



### കച്ചവടക്കാരുടെ മഹാഭാഗ്യം.

കപ്പലിലും, ഉരുവിലും, റെയിലിലും ചരക്കുകൾ കയററിറക്കുന്നതിനുള്ള സൌകര്യം.

എറണാകുളം റെയിൽവെ സ്റ്റേഷനിൽ കഴിഞ്ഞ 30 വർഷത്തോളമായി പ്രശസ്തമായ നിലയിൽ ഫൊർവ്വാഡിങ്ങ് ഏജണ്ടു എന്ന നിലക്കു കൊച്ചിൻ, തിരുവിതാംകൂർ, ബ്രി. മലബാർ, കൊളമ്പ് മുതലായ സ്ഥലങ്ങളിലേക്കു എന്നല്ല ഇന്ത്യയുടെ പല ഭാഗങ്ങളിലേക്കും ചരക്കുകൾ കയററിക്കം ചെയ്തുവരുന്നു. മിതമായ ചാർജ്ജു വിശ്വസ്തത സൂക്ഷ്മം ഇതുകൾക്കു കീർത്തി നേടിയിരിക്കുന്നു. കപ്പൽ, ഉരു, തീവണ്ടി മുതലായി ഏതുവഴിക്കുവരുന്ന ചരക്കുകളും കയററുമതിക്കും എറക്കുമതിക്കും വേണ്ടുന്ന എല്ലാ ഏർപ്പാടുകളും ചെയ്തുകൊടുപ്പാൻ തയ്യാർ. മിതമായ കമീഷന്നു ചരക്കുകൾ വിററുകൊടുക്കുന്നതിന്നും വാങ്ങി അയച്ചുകൊടുക്കുന്നതിന്നും ഒരുക്കമാണു്. കൂടുതൽ വിവരം അറിയാൻ ആഗ്രഹിക്കുന്നവർ താഴെ പറയുന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ അറിയിച്ചുകൊടുക്കുന്നതാണു്.

എന്നു്, **പി. കുഞ്ഞിക്കമ്മുട്ടി.**

മർച്ചണ്ട് കമീഷൻ & ഫൊർവ്വാഡിങ്ങ ഏജണ്ട്, എറണാകുളം.

**P. KUNHIKAMMUTTI,**

***Merchant, Commission & Forwarding Agent, ERNAKULAM.***

ദീർഘമായ കാലങ്ങളിൽ ഈ മനുഷ്യൻ അദ്ദേഹത്തോടു ചേർന്നുനിന്നു യുദ്ധങ്ങൾ നടത്തിയിരുന്നു. അവർ ഒന്നിച്ചു അഭയാർത്ഥികളായി കഴിഞ്ഞുകൂടിയിരുന്നു. എന്നാൽ, ഇപ്പോൾ യാതൊരു കലുക്കമൊ സ്തോഭമൊ കൂടാതെ, ഏകച്ഛത്രാധിപതിയായ കമാൽപാഷാ, കടിച്ചുപിടിച്ചിരുന്ന സിഗററു ഒരു കൈയു കൊണ്ടെടുത്തു, നർത്തനത്തിനായുള്ള ഒരു ക്ഷണക്കത്തിലെന്നപോലെ മറുകൈയ്കൊണ്ടു അതിൽ ഒപ്പുവച്ചു. നിഷ്ഠുരം!

സലോണിക്കായിൽ, കൃഷീവലസന്തതിയായി ജനിച്ച ഈ മനുഷ്യൻ തുർക്കിയിലെ സർവ്വശക്തനായ ഭരണകർത്താവായിത്തീർന്നതു എങ്ങിനെ? സൈനികപാഠശാലയിലെ ഒരു ആയോധനവിദ്യാർത്ഥിയായിട്ടാണു ഇദ്ദേഹത്തെ നാം ആദ്യംകാണുന്നതു. 'അധികം കഴിയുന്നതിനുമുമ്പുതന്നെ അദ്ദേഹം, വിഖ്യാതനായ സുൽത്താൻ അബ്ദുൽഹമീദിന്റെ ഭരണകാലത്തു ധാരാളമായി നിലവിലിരുന്നിരുന്ന സൈനികരഹസ്യസംഘങ്ങളിൽ ഒരംഗമായിത്തീർന്നു.

എന്നാൽ, മുസ്തഫാകമാലിന്റെ ക്രൂരരഹസ്യഉദ്യോഗസ്ഥന്മാർതന്നെ, വില്ലിച്ചു വലിഞ്ഞുചേർന്ന ചുണ്ടുകളോടും, നിന്ദയും നിസ്സാരഭാവവും തുളുമ്പുന്ന നീലക്കണ്ണുകളോടു, തങ്ങളുടെ ആലോചനകളേയും 'പ്ലാനു''കളേയും കുറിച്ചുള്ള നിരന്തരമായ പരിഹാസത്തോടുംകൂടിയ ആ മനുഷ്യനെ വെറുക്കുകയും അന്വേഷിക്കുകയും ചെയ്തു. അദ്ദേഹം സംസാരിച്ചപ്പോൾ അതു കാരിരുമ്പിൻ ദ്രാവകം വീണതുപോലെയായിരുന്നു. അതു, കേൾക്കുന്നവരുടെ ഉള്ളിൽ എരിഞ്ഞുതാണു. അധികൃതന്മാർ ഈ യുവഉദ്യോഗസ്ഥനെ വളരെ സൂക്ഷിക്കേണ്ട ആപൽക്കരനായ ഒരു വിപ്ലവകാരിയാണെന്നുകണ്ടു. സൈന്യത്തിൽകൂടി ചേർത്തു ബൾഗേറിയായിലേക്കു സ്ഥലം മാററിയപ്പോൾ മററു രഹസ്യ ഉദ്യോഗസ്ഥന്മാർക്കു നേരെ ശ്വാസംവീണു.

തനിക്കു ഏററവും പ്രിയപ്പെട്ട തുർക്കിയിൽനിന്നു വിദൂരത്തായതോടുകൂടി മുസ്തഫാകമാൽ മനഃകാലുഷ്യത്താൽ പൊറുതികെട്ടു, മദ്യപാനക്ലബ്ബുകളിൽ, നോക്കുംവാക്കുമില്ലാതെ, മുങ്ങി. അദ്ദേഹത്തിനു ഒരു മഹാപുരുഷനായിത്തീരണമെന്നുണ്ടായിരുന്നു, അതു തോൽവിയിലാണു് അവസാനിച്ചതു. മഹായുദ്ധം തുടങ്ങിയകാലത്തു, അദ്ദേഹം തുർക്കിയിൽ മടങ്ങിപ്പോയപ്പോൾ, മദ്യപാനധൂർത്തുകൊണ്ടും രോഗംകൊണ്ടും ക്ഷയിച്ചുനശിച്ച ഒരു ശരീരവുമായിട്ടായിരുന്നു കോൺസ്റ്റാന്റിനോപ്പിളിൽ എത്തിയതു.

എന്നാൽ അദ്ദേഹം വീണ്ടും ഒരു മഹാവിജയത്തിലേക്കു കാലൂന്നുവാൻ അധികം താമസിച്ചില്ല. ഗാലിപ്പോളിയിൽവച്ചു നടന്ന യുദ്ധത്തിൽ അദ്ദേഹം ഇംഗ്ലീഷുകാർക്കെതിരായി ഒരു സൈന്യത്തെ നയിക്കുകയായിരുന്നു. ജർമ്മൻ സേനാനായകനായ ലിമാൻ വൊൺസാൻഡേഴ്സിനോടു അദ്ദേഹം പരസ്യമായിതന്നെ പുച്ഛഭാവത്തിലാണു പെരുമാറിയതെങ്കിലും ആ ജർമ്മൻകാരനു ഈ അസാധാരണനായ തുർക്കിയുടെ ദീപ്യമാനമായ ആയോധനവാസനയെയും സാമർത്ഥ്യത്തേയും സമ്മതിച്ചുകൊടുക്കാതിരിക്കുവാൻ കഴിഞ്ഞില്ല.

കിടങ്ങുകളിൽ തന്റെ ഭടന്മാരുമായി ഒന്നിച്ചുകിടന്നുറങ്ങിയും, അവരുമായി ഒന്നിച്ചിരുന്നു, തിന്നുംകുടിച്ചും കഴിഞ്ഞിരുന്ന മുസ്തഫാകമാലിനു ഇതരന്മാരെ അപേക്ഷിച്ചു സവിശേഷമായ എന്തൊ വ്യത്യാസമുണ്ടായിരുന്നു. അദ്ദേഹം തന്റെ സുഖക്കേടുകളെല്ലാം കടഞ്ഞെറിഞ്ഞു. ഇംഗ്ലീഷു ഭടന്മാരുമായുണ്ടായ പോരാട്ടത്തിൽ അദ്ദേഹം തന്റെ സൈന്യത്തെ അതികഠിനവും ഭയങ്കരവുമായ ആക്രമണാഘാതങ്ങളിൽ സാമർത്ഥ്യത്തോടെ നയിച്ചു.

അദ്ദേഹത്തിനു, അമൃതുപോലെ, നശിച്ചാലും നശിക്കാത്ത ഒരു ജീവനുള്ളതുപോലെ തോന്നി. തോക്കേട്ടതു


THE KAMALIYA SOAP MFG. CO. COCHIN.

**Established 1923'** *Proprietor:* T. M. MOHAMMED HUSSAIN,

**Manufacturers of High Class Medicinal & Toilet Washing Soap.**

*Obtainable to all Good Stores* **The List of o Productions**

(To avoid fraud make sure our Brand.)

**MEDICINAL & TOILET** Kamalia Glory Soap; Kamalia Ferge[illegible] Soap; Kamalia Turkish Bath Soap; Kamalia White Rose Soap: Kamalia Bath Tablet; Kamalia Round Sandalwood; Kamalia Indian Sandalwood; Kamalia Rose Flower Soap; Esmail White Rose; Ebrahim Bath Soap; Ebrahim Rose Toilet; Ebrahim Jasmine Soap; Ebrahim Lavander Soap: Lovely Sandalwood 513; Musk Toilet Soap; Musk Soap Sample; Winser Brown Tablet; Pukhera Kasturi Soap; Lily Rose Soap.

**CARBOLIC & WASHING.** Famous Carbolic Soap No. 56; Kamalia Coal Tar Soap; Garuda Borax Soap Bar & Cakes; Eagle Brand Borax Soap; 551 Cube 8 Oz. & 4 Oz: 551 Twin Tablets 8 Oz: 4 Oz; & 2 Oz; 551 Bar Soap Suriya Resmi Soap; Chandra Soap; Saraswathi Soap; Lovely Washing Soap; Palm Brand Bar Soap; Palm Brand Tablets; Rubberstamp Ink; Red Marking Ink; Castor Oil; Eucaliptus Oil; Rose Water; Kamalia Balm;

On special production:— Hussain Medicinal & Toilet Golden Glory Toilet Soap.

**Our Washing Soap No 551. A SPECIALITY.**

ഭടന്മാർ അദ്ദേഹത്തിൻെറ നേക്ക് നിരന്തരമായി കഴലൊഴിച്ചു. യുദ്ധക്കപ്പലുകളിൽ നിന്ന, അദ്ദേഹത്തിൻെറ നാലുപുറവും, ആഗ്നേയപിണ്ഡങ്ങൾ വന്നുവീണുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ പാളയസ്ഥലത്തു വ്യോമചാരികളായ ശത്രുവൃന്ദങ്ങൾ കൂടക്കൂടെ വന്ന റാന്തിയിറങ്ങിപ്പോയിരുന്നു. എന്നാൽ, ചുണ്ടുകൾക്കിടയിലുള്ള തൻെറ അജയ്യമായ "സിഗററേറാട്ടം'' ഒരു കൈയിൽ ഒരു കോപ്പ കാപ്പിയോടുംകൂടി കാണപ്പെട്ട മുസ്തഫാകമാൽ, ആപത്തുകളെ പുല്ലുപോലും വകവയ്ക്കാതെ, ശത്രുക്കളെ പുച്ഛരസത്തോടെ വീക്ഷിച്ചുകൊണ്ടിരുന്നു.

അദ്ദേഹം അതിൽ വിജയിയായി, ഇംഗ്ലീഷ്കാർ ഗാലിപ്പോളിയിൽനിന്ന പിൻവാങ്ങി. കോൺസ്റ്റാൻറിനോപ്പിളിൽ മടങ്ങിച്ചെന്നപ്പോൾ അദ്ദേഹം ജനസമ്മതനായ ഒരു വീരപുരുഷനായിത്തീൎന്നു.

എന്നാൽ, ജനസമ്മതന്മാരായ വീരന്മാർ, തുക്കിയിൽ, ആപൽക്കാരികളാണ. അധികൃതന്മാർ ഉടനെതന്നെ അദ്ദേഹത്തെ സിറിയൻപോൎക്കളത്തിലയച്ചുകളഞ്ഞു. അവിടെ, ജനറൽ അല്ലൻബിയുടെ നേതൃത്വത്തിൽ നയിക്കപ്പെട്ടിരുന്ന ഇംഗ്ലീഷ ഭടന്മാരുടെ ആഘാതങ്ങൾകൊണ്ടു തുക്കികൾ കുഴങ്ങി, തലതിരിയുകയായിരുന്നു.

മുസ്തഫാകമാൽ, പിന്നെയും, ഒരു ഭ്രാന്തനെപോലെ യുദ്ധാഗ്നിയിൽ ചാടിവീണു. സൈന്യപങ്ക്തിയിൽനിന്ന ഒളിച്ചുപോയവരുടെ നേക്ക് അദ്ദേഹം കോപാവേശത്താൽ ക്ഷുബ്ധനായി തീരുകയും, അവരെ നിദ്ദാക്ഷിണ്യം വെടിവച്ചു കൊല്ലുകയും ചെയ്തു. അദ്ദേഹം തൻെറ സൈന്യങ്ങളുമായി, പൎവ്വതപ്രദേശത്തിലൊരു ഭാഗത്തു സ്ഥാനമുറപ്പിച്ചു. ഫ്റഞ്ചു സൈന്യങ്ങളും ഇംഗ്ലീഷ്സൈന്യങ്ങളും ഒന്നു ചേൎന്ന നടത്തിയ ആക്രമണങ്ങളും ആഘാതങ്ങളുമൊന്നുംതന്നെ, അദ്ദേഹത്തെ അവിടെ നിന്ന ചലിപ്പിക്കുന്നതിന പയ്യാപ്തമായില്ല. സമാധാന ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും, ഇംഗ്ലീഷ്കാർ അലക്സാൻഡ്രായിൽ സ്ഥാനമുറപ്പിച്ച അതു കൈവശപ്പെടുത്തുവാൻ വിചാരിക്കുകയും ചെയ്തപ്പോൾ, അവരുടെ നേക്ക് ആദ്യമായി വെടിവച്ചു, അവരുടെ മുന്നേററത്തെ തടഞ്ഞുകൊണ്ടു അവരെ വെല്ലുവിളിച്ചതു മുസ്തഫാകമാൽ ആയിരുന്നു.

അദ്ദേഹം വീണ്ടും വീരപദത്തിൽ ഉപവിഷ്ടനായി. പക്ഷെ, അതു കാരണത്താൽതന്നെ, അദ്ദേഹം മുമ്പ്

**Aryavaidya Vilasini Vydiasala, Calicut.**

K. N AYURVEDIC WORKS.

**ആയ്യവൈദ്യൻ കെ. നീലകണ്ഠൻ.**

ആയ്യവൈദ്യവിലാസിനി വൈദ്യശാല, കോഴിക്കോട്ട്.

(രജിസ്റ്റർ ചെയ്യപ്പെട്ടത്.)

**ഹനുമാൻ സഞ്ജീവൻ തൈലം**

എല്ലാവിധ രോഗങ്ങൾക്കും പ്രധാനം കുപ്പി 1 ക്ക 4 ണ.

അബലാമൃതം—സ്ത്രീകൾക്ക വസ്തിസംബന്ധമായും ഗൎഭാശയസംബന്ധമായും ഉള്ള രോഗത്തിന്ന ഹിതം 16 ഔൺസ് കുപ്പി 1 ക്ക 2—0—0

ഗ്രഹണ്യാന്തകദ്രവം—ഗ്രഹണി രോഗത്തിന്ന പ്രധാനം 8 ഔൺസ് കുപ്പി 1 ക്ക 1—0—0

രാജരോഗാമൃതം—ക്ഷയരോഗത്തിന്നുള്ള സിദ്ധൌഷധം 6 ഔൺസ കുപ്പി 1 ക്ക 1—0—0

ഉഷ്ണരോഗവിനാശന തൈലം—എല്ലാവിധ രക്തദൂഷ്യത്തിനും ചൊറി, ഉഷ്ണപുണ്ണ മുതലായവക്കുംപ്രധാനം കുപ്പി 1 ക്ക് 1—6—0

ദ്രാക്ഷാസവം രക്തശുദ്ധി പ്രധാനം കുപ്പി 1 ക്ക 2—0—0

ഔഷധപട്ടിക ആവശ്യക്കാൎക്ക അയച്ചുകൊടുക്കും. രോഗവിവരം അറിയിച്ചാൽ തക്കതായ ഔഷധം അയച്ചുകൊടുക്കുന്നതാകുന്നു. ആയുൎവ്വേദ വിധിപ്രകാരമുള്ള എല്ലാ മരുന്നുകളും ഇവിടെ കിട്ടും.

സ്വദേശി വ്യവസായത്തെ

**പ്രോത്സാഹിപ്പിക്കുവിൻ!**

തനി സ്വദേശി നൂലിനാൽ മഗ്ഗത്തിന്മേൽ നെയ്യപ്പെടുന്ന പല തരം കയിലി മഫ്ളർ മുതലായവ ചില്ലറയായും വകപ്പടിയായും വിൽക്കുകയും ഇന്ത്യയുടെ നാനാഭാഗങ്ങളിലും, ഇതിന്നു പുറമെ സിലോൺ, സിങ്കപ്പൂർ, പിനാങ്ക്, ബമ്മ, **F. M. S.**, ജാവാ മുതലായ പല സ്ഥലങ്ങളിലും അയച്ചു വരികയും ചെയ്യുന്നു. ആവശ്യക്കാൎക്ക അവർ തരുന്ന സാമ്പിൾപ്രകാരം തയ്യാറാക്കിക്കൊടുക്കുന്നതാണ്. 1921 ൽ സ്ഥാപിതമായ ഈ കമ്പനി പലരുടെയും പ്രശംസക്ക് പാത്രീഭവിച്ചിട്ടുള്ളതും ആകുന്നു.

**The Muslim weaving Co , Tellichery.**

ത്തേക്കാൾ കുറച്ചുകൂടി ആപൽക്കാരിയായി ഭവിക്കുകയാണു ചെയ്തതു. കാൺസ്റ്റാൻറിനോപ്പിളിൽ അധികാരസ്ഥരായിരുന്ന തുക്കികൾക്കു അദ്ദേഹത്തെ എങ്ങനെയെങ്കിലും ഒഴിച്ചുകിട്ടണമെന്നായിരുന്നു ആഗ്രഹം. അവർ അദ്ദേഹത്തെ അർത്ഥശൂന്യങ്ങളായ ആയോധനകാര്യങ്ങൾക്കായി അങ്ങുമിങ്ങു മയച്ചു, തട്ടിദൂരത്തു നിറുത്തുന്നതിനത്രെ ശ്രമിച്ചതു. ഇങ്ങനെ മുസ്തഫാകമാലിനെ അധികാരിവർഗ്ഗങ്ങൾ അകററിക്കളഞ്ഞതോടുകൂടി അദ്ദേഹം, വീണ്ടും മുമ്പിലത്തെപ്പോലെ. മദ്യപാനധൂർത്തിലും ചൂതുകളിയിലും മുഴുകി, തൻെറ ആശകളെയും ആഗ്രഹങ്ങളെയും വിസമൃതിയിൽ ഞെരിച്ചമർത്തുവാൻ ശ്രമിക്കയാണു ചെയ്തതു.

എന്നാൽ, ഗ്രീക്കുകാർ തുക്കിയെ ആക്രമിച്ചപ്പോൾ, അദ്ദേഹത്തിൻെറ ഭാഗ്യനക്ഷത്രം ഉദിച്ചുപൊങ്ങിമിന്നിത്തുടങ്ങി. അദ്ദേഹത്തിന്നു തൻെറ ആയോധനവാസനയെ പ്രസരിപ്പിക്കുവാൻ അവസരം ലഭിച്ചു. ഗ്രീക്കുകാരെ ആട്ടിപ്പായിക്കുവാനുള്ള ഭാരം അധികൃതന്മാർ അദ്ദേഹത്തിൻെറ ചുമലിൽ വച്ചു. മെഡിററേനിയൻ കടൽതീരം വരെ, അദ്ദേഹം അവരെ പായിച്ചു. സ്മർണായുടെ അടുത്തു സ്ഥിതി ചെയ്തിരുന്ന ഉയൎന്ന കുന്നുകളിന്മേൽ നിന്നു ആ ജേതാവു്, പട്ടണം എരിഞ്ഞു നശിക്കുന്നതു നോക്കിക്കൊണ്ടിരുന്നു. സ്മർണായിൽ നിന്നു പിൻവാങ്ങുന്നതിനു മുമ്പു തന്നെ ഗ്രീക്കുകാർ ആ പട്ടണത്തെ അഗ്നിക്കു ബലിയൎപ്പിച്ചിരുന്നു. ഈ സംഭവത്തെ, ഒരു അഭിനവ തുക്കിയുടെ ജനനത്തെ, ഒരു മൈൽ അകലെ കിടന്നിരുന്ന "ക്വീൻഎലിസബെത്ത" എന്ന ഭീമമായ ബ്രിട്ടീഷ് യുദ്ധക്കപ്പലിലുണ്ടായിരുന്നവർ, സൂക്ഷിച്ചു വീക്ഷിച്ചിരുന്നു. ഇക്കാലത്തു സ്മർണായുടെ പ്രാന്തങ്ങളിലുള്ള കുന്നുകളുടെ മുകളിൽ സ്ഥിതിചെയ്തിരുന്ന ഒരു വണിഗ്വര ഗൃഹത്തിൽ വച്ചായിരുന്നു, മുസ്തഫാ കമാൽ, യഥാർത്ഥമായ പ്രേമമെന്തെന്നു ആദ്യമായറിഞ്ഞതു. ആ കച്ചവടക്കാരൻെറ മകളുമായി അദ്ദേഹത്തിന്നുണ്ടായ പ്രേമം അദ്ദേഹത്തെ ആകുലചിത്തനാക്കുവാൻ പോരുന്നതായിരുന്നു. അവളും അ പോലെ അദ്ദേഹത്തോടു പ്രണയം കാണിച്ചു. ലത്തീ എന്നാണു് ആ വനിതയുടെ പേരു. മുസ്തഫാ കമാ അവളുടെ പിതാവായിരിക്കുവാൻ തക്ക പ്രായമുരുന്നു.

എന്നാൽ, തുക്കിരാജ്യത്തിനുവേണ്ടി തനിക്കു ഫിക്കുവാനുള്ള ജോലി അവസാനിച്ചതിനു േ തെ താൻ വിവാഹം ചെയ്യുന്നതല്ലെന്നു മുസ്തഫ ശപഥം ചെയ്തിരുന്നു. ലത്തീഫായും, ഈ നില തെ, അദ്ദേഹത്തിൻെറ ഭാര്യാപദം സ്വീകരിക്കുവാക്കുമുള്ളവളായിരുന്നില്ല. അതുകൊണ്ടു അദ്ദേഹം ( വിട്ടുപോയി. മാസങ്ങൾ പലതു കഴിഞ്ഞു, ഒരു ദി പെട്ടെന്നു അദ്ദേഹം അവളുടെ മുമ്പിൽ വന്നു നിന്നു.


# ബോംബെ, ബറോഡാ അഷ്വറൻസ് കമ്പനി,

ലിമിറ്റെഡ്, ബറോഡാ,

## മിന്നുന്നതെല്ലാം പൊന്നല്ല.

ഗവൎമ്മെണ്ടുദ്യോഗസ്ഥന്മാരാൽ നടത്തപ്പെടുന്ന ഈ കമ്പനിയിൽ നിങ്ങൾ നിങ്ങളുടെ ജീവനെ യഥേഷ്ടം സംഖ്യക്ക് ഇൻഷ്വർ ചെയ്യുവിൻ. ചുരുങ്ങിയ പ്രീമിയം, ന്യായമായ ബോണസ്സ്. അംഗവൈകല്യം സംഭവിച്ചാൽ മേലാൽ പ്രീമിയം അടക്കേണ്ടാവശ്യമില്ല. അടച്ചതുപോലെ കമ്മ ഉന്നതും ആകുന്നു. ഇൻഷ്വർ ചെയ്തതിന്നു ശേഷം രണ്ടു കൊല്ലം കഴിഞ്ഞാൽ നിറുത്തൽ ചെയ്യാവുന്നതും സംഖ്യ മുഴുവൻ വാങ്ങാവുന്നതും ആണ്. മററു പലേ വിധ സൌകര്യങ്ങളും ഈ കമ്പനിയിൽ ണ്ടു. ഇൻഷ്വർ ചെയ്യേണ്ടതത്യാവശ്യമാണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. കടം കൊടുക്കുന്ന റ . ഫകം ഉണ്ടു. മെഡിക്കൽ പരിശോധനയ്ക്കു ഫീസാവശ്യമില്ല. ഇന്നു ഇൻഷ്വർ ചെയ്തു് സംഖ്യ ടച്ചു നാളെ അപകടമരണം സംഭവിച്ചാലും ഇൻഷ്വർ ചെയ്ത മുഴുവൻ സംഖ്യയും ഉടൻ കൊടുക്കുന്നതാകുന്നു. കൂടുതൽ വിവരങ്ങൾക്കു താഴെയുള്ള വിലാസത്തിൽ അന്വേഷിക്കുവിൻ.

C. ' K. Ahmed,
*Sub Agent.*
**B B. A. CO LTD,**
7 INNERCIRCULAR ROAD
*Ratnapura, Ceylon*

*Ceylon Organising Officer.*
**V. F. MANUEL.**

വാഹത്തിനായി ഞാൻ നിന്നെ ഇതാ കൊണ്ടുപോകുന്നു; അര മണിക്കൂറിനകം, ഒരുങ്ങിക്കൊൾക" എന്നായിരുന്നു അദ്ദേഹം അവളോടു പറഞ്ഞതു്.

തുൎക്കിയിലെ ഏകാധിപതി മൃത്യുപദത്തിൽ എത്തി എന്ന വിവരം അവിടത്തെ ജനങ്ങൾ പിറ്റെ ദിവസമാണറിഞ്ഞതു.

ഈ കഥയും, സ്വാധികാരസ്ഥാപനത്തിനായി മുസ്ത ഫാ കമാൽ ദീൎഘകാലം ഇടവിടാതെ ചെയ്തുകൊണ്ടിരു രാഷ്ട്രീയമായ സമരവൃത്താന്തവും, എച്ച്. വി. ആം റാങ്ങ് തന്റെ "ഗ്രേ വുൾഫ്" എന്ന ഗ്രന്ഥത്തിൽ ദീ ത്തായ സ്ഥിതിയിൽ ചിത്രീകരിച്ചു കാണിച്ചിട്ടുണ്ടു. ിതയെ ഒടുവിൽ ആദ്ദേഹം എങ്ങനെ വിവാഹബ ൽ നിന്നു വിടുർത്തിയെന്നും, അംഗോറായിലെ അ ിന്റെ ഭവനത്തിനടുത്തുള്ള ഒരു ഇടവഴിയിൽവെ ാരു സ്ത്രീ ആത്മഹത്യചെയ്തതു എങ്ങിനെയാണെ ിയിൽ നിന്നു, ഒടുവിലത്തെ ഖലീഫാ എങ്ങി ്, കാലക്രമത്തിൽ, ഈ നിൎദ്ദാക്ഷിണ്യവാനായ മ നിഷ്കാസനം ചെയ്വാൻ ഇടയായതെന്നുമുള്ള മം ഈ സ്മരണീയമായ കഥനത്തിൽ ഉപന്യസി ട്ടിരിക്കുന്നു.

തുൎക്കിയിലെ ഏകച്ഛത്രാധിപതിയുടെ ഇന്നത്തെ ഗതിയെന്താണു? അദ്ദേഹത്തിനു അൻപത്തി ഒന്നു വയസ്സാണു് പ്രായം. മി. ആംസ്റ്റ്റാങ്ങ്, അദ്ദേഹത്തിന്റെ ജീവിത കഥനത്തെ ഇപ്രകാരം സമാഹരിക്കുന്നു:—

"ചാൻകയാ എന്ന ദരിദ്രമായ പട്ടണത്തിന്റെ ഉപാന്തത്തിൽ സ്ഥിതി ചെയ്യുന്ന തന്റെ മന്ദിരത്തിൽ, അദ്ദേഹം, ഒരു ചക്രവൎത്തിയുടെ മനശ്ലേഷിയോടുകൂടി, നിൎഘൃണമായ രാജത്വത്തിൽ ജീവിക്കുന്നു. ഒരു കഷണം ചാക്കും ഒരു "ബ്ലാക്ക് ബോഡ്യും" ആയുധങ്ങളായിവരിച്ചിട്ടുള്ള ഇദ്ദേഹം, പ്രാചീനകാലത്തെ ഒരു ഗോത്ര നായകനെപ്പോലെ നിവസിക്കുന്നു.

"കുടുംബരഹിതനായി, മിത്രവിഹീനനായി, ഏകാകിയായി കഴിച്ചുകൂട്ടുന്ന ഈ പുരുഷൻ, തുൎക്കിയിലെ ജനസംഖ്യയെ, തന്റെ സ്വകാൎയ്യസ്വത്തിന്റെയും പ്രതാപശക്തിയുടെയും അവകാശികളാക്കിത്തീൎത്തിരിക്കുന്നു.

"തുൎക്കിയിൽ ഇനി വീണ്ടുമൊരു ഏകാധിപതി ഉണ്ടാകുന്നതു അസാദ്ധ്യമാവുന്നതിനായിട്ടത്രെ അദ്ദേഹം തന്നെ ഏകാധിപതി ആയിരിക്കുന്നതു."


# The Anglo-German Trading Co.,

**Mikado Buildings, CALICUT.**

***Sole Agents for:***

KAST & EHINGER — quality printing inks of all colours (Brilliant—fast concentrated) ruling powders. Numbering inks & varnishes

JOHNE-WERK'S — Jobbing & art platen treadle printing presses, Guillotine & hand lever cutting machines

ROCKSTROH-WERK'S — Art platens, auto-platens, embossing & stop cylinder presses.

REINHARDT'S — Jobbing disc ruling machines (Special apparatus for cutting, creasing perforating & producing figured & paterned papers); Binders and Printers requisites.

***Direct Importers of:—***

All other German machines required for Binding & Printing;

WILHELM Loe's — excellent quality head bands; sewing bands; line threads, stitching gauze, beautiful marble papers and inside cover papers.

Fancy book-binding cloth Bank papers, Rough printings, Superior lead pencils, calender pictures Xmas cards etc , etc.,

**Ask for samples and prices.**